LIBRARY ARCHIVES Kerala Legislative Assembly

## വെയർഹൗസിംഗ് ഗോഡൗണുകളുടെ പ്രവർത്തനം

184(2445) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെയർഹൗസിംഗ് ഗോഡൗണുകളുടെ പ്രവർത്തനത്തിന് 2006 മുതൽ 2011 വരെ എന്ത് തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്താകെ എത്ര വെയർഹൗസിംഗ് ഗോഡൗണുകളുണ്ട് ; അവ എവിടെയെല്ലാമാണ് ; കഴിഞ്ഞ 5 വർഷങ്ങളിൽ അവയിൽ നിന്ന് ലഭിച്ച പ്രതിവർഷ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാലയളവിൽ എത്ര പുതിയ വെയർഹൗസിംഗ് ഗോഡൗണുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് ; എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് കോർപ്പറേഷൻ സൂക്ഷിക്കാറില്ല.

(ബി) സംസ്ഥാനത്ത് ഇപ്പോൾ തൃപ്പൂണിത്തുറ പേട്ടയിലുള്ള "കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ" ഉൾപ്പെടെ 59 സ്ഥലങ്ങളിൽ വെയർഹൗസിംഗ് ഗോഡൗണുകളുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധം 1-ൽ കാണാവുന്നതാണ്.* അവയിൽ നിന്ന് ലഭിച്ച പ്രതിവർഷ വരുമാനം താഴെ കൊടുക്കുന്നു.

2006-07 - 696.50 ലക്ഷം രൂപ

2007-08 - 926.72 ലക്ഷം രൂപ

2008-09 - 1134.97 ലക്ഷം രൂപ

(provisional-subject to audit)

2009-10 - 1230.65 ലക്ഷം രൂപ

(provisional-subject to audit)

(സി) 2008-09-ൽ കോട്ടയത്തും, 2009-10-ൽ നോർത്ത് പറവൂർ-ഉം പുതിയ ഗോഡൗണുകൾ ആരംഭിച്ചിട്ടുണ്ട്.

## പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള ഭൂമി

185(2446) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ എത്ര അളവ് ഭൂമി ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ എന്തെല്ലാം വിളകളാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥലങ്ങളിൽനിന്ന് കാർഷികവിളയുടെ ഭാഗമായി പ്രതിവർഷം എന്ത് തുക ആദായം ലഭിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) കോർപ്പറേഷന്റെ ആസ്ഥാനത്തും വിവിധ യൂണിറ്റുകളിലും എത്ര പേർ ജോലി നോക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഭരണപരമായും മറ്റ് കാർഷികച്ചെലവിനായും എന്ത് തുക കോർപ്പറേഷനിൽ പ്രതിവർഷം ചെലവഴിക്കേണ്ടിവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ 13,489.33 ഹെക്ടർ ഭൂമി ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 3024.79 ഹെക്ടറും എറണാകുളം-തൃശ്ശൂർ ജില്ലകളിലായി 3739.99 ഹെക്ടറും കോഴിക്കോട് ജില്ലയിൽ 1073.75 ഹെക്ടറും മലപ്പുറം ജില്ലയിൽ 471.37 ഹെക്ടറും പാലക്കാട് ജില്ലയിൽ 511.50 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 4667.93 ഹെക്ടറും ആണ് ഉള്ളത്.

(ബി) പത്തനംതിട്ട ജില്ലയിലെ കൊടുമൺ, ചന്ദനപ്പള്ളി, തണ്ണിത്തോട് എസ്റ്റേറ്റുകളിൽ റബ്ബർ, കശുമാവ് എന്നിവയും എറണാകുളം-തൃശ്ശൂർ ജില്ലകളിലെ കല്ലാല, അതിരപ്പള്ളി എസ്റ്റേറ്റുകളിൽ റബ്ബർ, ഓയിൽ പാം, കശുമാവ് എന്നിവയും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എസ്റ്റേറ്റിൽ റബ്ബർ, കശുമാവ് എന്നിവയും മലപ്പുറം ജില്ലയിലെ നിലമ്പൂർ എസ്റ്റേറ്റിൽ റബ്ബറും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് എസ്റ്റേറ്റിൽ കശുമാവും കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം, പീരമേനി എസ്റ്റേറ്റുകളിൽ കശുമാവും കൃഷി ചെയ്യുന്നു.

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. 2009-10 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരമാണ് വിറ്റുവരവ് താഴെപ്പറയുന്ന പ്രകാരമാണ്.

| | | രൂപ |
|---|---|---|
| റബ്ബർ | - | 75,89,43,083 |
| കശുവണ്ടി | - | 3,44,05,929 |
| ഓയിൽ പാം | - | 1,53,01,355 |
| മറ്റു കാർഷിക വിളകൾ | - | 32,31,084 |
| റബ്ബർ തടി വിൽപ്പന | - | 9,73,87,040.56 |

(ഡി) കോർപ്പറേഷന്റെ ആസ്ഥാനത്തും വിവിധ യൂണിറ്റുകളിലുമായി ആകെ 2746 പേർ ജോലി നോക്കി വരുന്നു.

(ഇ) 2009-10 സാമ്പത്തിക വർഷത്തേക്ക് കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ട് പ്രകാരമുള്ള ആകെ ചെലവ് 89.54 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly